പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2835** — **13-03-2020 ൽ മറുപടിക്ക്**

**സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.കെ.അബ്ദു റബ്ബ്<br>ശ്രീ. കെ.എം.ഷാജി<br>ശ്രീ.എം. സി. കമറുദ്ദീൻ | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് അനധികൃതമായി സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ റവന്യൂ വകുപ്പ് അമാന്തം കാട്ടുന്നതായി സി & എ.ജി. റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) സി & എ.ജി. റിപ്പോർട്ടിൽ സംസ്ഥാനത്ത് അനധികൃതമായി സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ റവന്യൂ വകുപ്പ് അമാന്തം കാട്ടുന്നതായുള്ള പരാമർശം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) സംസ്ഥാനത്തെ മിച്ചഭൂമി സംബന്ധിച്ച കണക്കുകൾ ശരിയായി സൂക്ഷിക്കുന്നില്ല എന്ന സി & എ.ജി. റിപ്പോർട്ടിന്മേൽ എന്തെല്ലാം തുടർനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) കെ.എൽ.ആർ ആക്ട് നിലവിൽ വന്നതു മുതൽ ഏറ്റെടുത്ത മിച്ചഭൂമിയുടെ വിവരങ്ങൾ താലൂക്ക് അടിസ്ഥാനത്തിൽ സൂക്ഷിക്കുന്നില്ല എന്നാണ് സി&എ.ജി പരാമർശിച്ചിരിക്കുന്നത്. താലൂക്ക് ലാൻഡ് ബോർഡിൽ സൂക്ഷിക്കേണ്ട ഫൈനൽ ഓർഡർ രജിസ്റ്ററിൽ (ഫാറം 46) ഏറ്റെടുക്കേണ്ട മിച്ചഭൂമി സംബന്ധിച്ചും താലൂക്ക് ഓഫീസിൽ ഫാറം 15 ൽ ഏറ്റെടുത്ത മിച്ചഭൂമി സംബന്ധിച്ചും രജിസ്റ്ററുകൾ സൂക്ഷിക്കുവാൻ നിയമത്തിൽ വ്യവസ്ഥ ഉണ്ട്. എന്നാൽ പ്രസ്തുത കണക്കുകളിൽ വൈരുദ്ധ്യം ഉണ്ടായിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനും ഏറ്റെടുത്ത മിച്ചഭൂമി, ഏറ്റെടുക്കുവാൻ ശേഷിക്കുന്ന മിച്ചഭൂമി, വിതരണം ചെയ്തതും ചെയ്യുവാൻ ശേഷിക്കുന്നതുമായ ഭൂമിയുടെ വിവരങ്ങൾ, പൊതു ആവശ്യത്തിന് നീക്കിവെച്ച് ഉത്തരവാകുന്ന ഭൂമിയുടെ വിവരങ്ങൾ എന്നിവ സംബന്ധിച്ച ഒരു ഡാറ്റാബേസ് എല്ലാ താലൂക്ക് ഓഫീസുകളിലും താലൂക്ക് ലാൻഡ് ബോർഡുകളിലും തയ്യാറാക്കുന്നതിനുള്ള നടപടികൾ സംസ്ഥാന ലാൻഡ് ബോർഡിന്റെ മേൽനോട്ടത്തിൽ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ